(സി) ഉണ്ട്.

(ഡി) പ്രവർത്തനക്ഷമമായ 500 ട്രോളികളും 300 വീൽ ചെയറുകളും ഉണ്ട്.

(ഇ) 2004 ജനുവരി മാസം മുതൽ മേയ് വരെ 33 വീൽചെയറുകളും 11 ട്രോളികളും സെൻട്രൽ വർക്ക്ഷോപ്പിൽ റിപ്പയർ ചെയ്യുകയും തിരികെ അതാത് വിഭാഗങ്ങളിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്.

വൃണ്ട് സർട്ടിഫിക്കറ്റ് വിതരണത്തിലെ കാലതാമസം

148 [151] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി, എസ്.എ.റ്റി. ആശുപത്രി എന്നിവിടങ്ങളിൽ നിന്നും വൃണ്ട് സർട്ടിഫിക്കറ്റുകൾ നൽകാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകുന്നതിന് പ്രത്യേക വിഭാഗം രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) വൃണ്ട് സർട്ടിഫിക്കറ്റ് നൽകുന്നതിനു കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വൃണ്ട് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം ഐ.പി.നമ്പർ, ഡിസ്ചാർജ്ജ് കാർഡ് എന്നിവ കൂടി സമർപ്പിക്കേണ്ടതായിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനത്തിന് സ്ഥലം ഏറ്റെടുക്കൽ

149 [152] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനത്തിന് പരിസര പ്രദേശത്തുനിന്നും ഇനിയും ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ മെഡിക്കൽ കോളേജ് വികസനത്തിനായി എത്ര ഹെക്ടർ ഭൂമിയാണ് ഉടനെ ഏറ്റെടുക്കുന്നതെന്നറിയിക്കുമോ;

(സി) 1951,1976 വർഷങ്ങളിലെ സർക്കാർ ഉത്തരവുകൾ പ്രകാരം മെഡിക്കൽ കോളേജ് പ്രദേശത്തിന്റെ ആസൂത്രിത വികസനത്തിന് നിയന്ത്രണ മേഖലയായി പ്രഖ്യാപിച്ച ഭൂമിയിൽ നിന്ന് 1980-ന് ശേഷം എത്ര ഹെക്ടർ ഏറ്റെടുത്തുവെന്ന് അറിയിക്കാമോ;

(ഡി) അനിശ്ചിതകാലത്തേക്ക് ഭൂമി മരവിപ്പിച്ചതുമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങളെ സംബന്ധിച്ച് സ്ഥലം എം.എൽ.എ.-യും ജനങ്ങളും നൽകിയ നിവേദനങ്ങളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഇ) ആവശ്യം കഴിഞ്ഞുള്ള ഭൂമിയെ നിയന്ത്രണങ്ങളിൽ നിന്നൊഴിവാക്കാൻ നിർദ്ദേശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) തിരുവനന്തപുരം മെഡിക്കൽ കോളേജ് മേഖലാവികസനം തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) മെഡിക്കൽ കോളേജ് ഏരിയ ഡെവലപ്മെന്റ് പ്ലാൻ കാലാനുസൃതമായി പുതുക്കുന്ന പ്രവൃത്തി മുഖ്യ നഗരാസൂത്രണ കാര്യാലയത്തിൽ നടന്നുവരുന്നു. പദ്ധതിയ്ക്ക് അന്തിമ രൂപം നൽകിയശേഷം മാത്രമേ ഭൂമി ഏറ്റെടുക്കുന്ന കാര്യം വ്യക്തമാവുകയുള്ളു.

(സി) ഭൂമി ഏറ്റെടുത്തിട്ടില്ല.

(ഡി) നിവേദനങ്ങൾ പരിഗണിച്ചാണ് പദ്ധതി പുതുക്കുന്നതിനുള്ള നടപടി ഉണ്ടായത്.

(ഇ) പദ്ധതിയ്ക്ക് അന്തിമ രൂപം നൽകുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം ഉണ്ടാകും.

(എഫ്) ഒരു ബസ്സ്റ്റാന്റ് നിർമ്മിക്കുന്ന പദ്ധതി തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയുടെ പ്രവർത്തനം

150 [153] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് തൃശ്ശൂർ ടൗണിൽ നിന്ന് മുളംകുന്നത്തുകാവിലേക്ക് മാറ്റുന്നത് സംബന്ധിച്ച നടപടി പൂർത്തിയായോ എന്നും, എന്നുമുതൽ മുളംകുന്നത്തുകാവിൽ പ്രവർത്തനം ആരംഭിക്കും എന്നും വ്യക്തമാക്കാമോ;

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഒഴിവുള്ള തസ്തികകൾ ഏതെല്ലാമാണ് എന്നും ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ;

(സി) മെഡിക്കൽ കോളേജിലെ സി.ടി. സ്കാൻ യന്ത്രം എന്നുമുതലാണ് പ്രവർത്തനം നിലച്ചതെന്നും യന്ത്രത്തിന്റെ കേടുപാടുകൾ തീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ;

(ഡി) സി.ടി. സ്കാൻ പ്രവർത്തിക്കുന്നതുമൂലം ഒരുമാസം ശരാശരി ലഭിക്കുന്ന വരുമാനം എത്രയാണെന്നും എത്ര രൂപ വീതമാണ് ഇതിന് ചാർജ്ജ് ഈടാക്കുന്നത് എന്നും വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത യന്ത്രം വാങ്ങിയത് എന്നാണ് എന്നും ഇതിന്റെ വില എത്രയാണെന്നും യന്ത്രത്തിന്റെ ഗ്യാരന്റി കാലാവധി തീർന്നിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly